"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമ്പല വയൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ ബിജു കെ.ജി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1492/2025 നമ്പർ കേസിന്മേലുള്ള 09/10/2025 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2809/2025/LSGD തീയതി,തിരുവനന്തപുരം, 14-11-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2025 ലെ LSGD/PD/46015/2023-DEB1-Part(1) നടപടി ക്രമം
2. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 27.09.2025 ലെ B2/101/2025-SEC-Part(1) നമ്പർ കത്ത്.
3. OA(EKM) 1492/2025-ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 29/09/2025 ലെ ഇടക്കാല ഉത്തരവ്.
4. ശ്രീ. ബിജു കെ.ജി. സമർപ്പിച്ച 03.10.2025 ലെ അപ്പീൽ അപേക്ഷ.
5. OA(EKM) 1492/2025-ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 09/10/2025 ലെ അന്തിമ ഉത്തരവ്.
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.10.2025 ലെ LSGD/PD/31108/2025-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് അമ്പല വയൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ ബിജു. കെ ജി., ടിയാനെ വയനാട് ജില്ലയിലെ പൂതാടി ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1492/2025-ന്മേലുള്ള പരാമർശം (3) ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) അന്തിമ ഉത്തരവിൽ, ശ്രീ. ബിജു കെ.ജി. യുടെ Annexure A7 അപ്പീൽ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി, ടി ഉത്തരവ് ലഭിച്ച് രണ്ടു മാസത്തിനകം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2) മേൽ അപ്പീൽ അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ശ്രീ. ബിജു കെ.ജി. യെ ഭരണ സൗകര്യാർത്ഥമാണ് അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും പൂതാടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളത്.

29.09.2025 ന് ശ്രീ. ബിജു കെ.ജി. അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ പരാമർശം (2) കത്ത് പ്രകാരം 29.09.2025 തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരെഞ്ഞെടുപ്പ് കഴിയുന്നത് വരെ സ്ഥലം മാറ്റങ്ങൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ശ്രീ. ബിജു കെ.ജി. യെ സ്ഥലം മാറ്റിക്കൊണ്ടുള്ള ഉത്തരവ് 27.09.2025 നാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

3) മേൽ സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 29.09.2025 ന് തന്നെ അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത ശ്രീ.ബിജു കെ.ജി., സ്ഥലം മാറ്റ ഉത്തരവ് പുനഃപരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിച്ചുകൊണ്ടുള്ള ബഹു. ട്രിബ്യൂണലിന്റെ 09.10.2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ പ്രകാരം സെക്രട്ടറിയുമായി ആലോചിക്കാതെയും, സെക്രട്ടറിയുടെ നിർദേശമില്ലാതെയും അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബിജു കെ.ജി യെ ഹാജർ രജിസ്റ്ററിൽ ഒപ്പ് വയ്ക്കാൻ അനുവദിക്കുകയും, 13.10.2025 ന് ടിയാൻ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ഇതു സംബന്ധിച്ച് വിളിച്ചു ചേർത്ത സ്റ്റാഫ് മീറ്റിംഗിൽ ശ്രീ. ബിജു കെ. ജി. ജില്ലാ ജോയിന്റെ ഡയറക്ടറോട് പ്രകോപനപരമായി പെരുമാറിയതായതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യവേ വനിതാ ജീവനക്കാരിയോട് മോശമായി പെരുമാറിയതിന് സ്ഥലം മാറ്റപ്പെട്ടയാളാണ് ശ്രീ ബിജു കെ.ജി എന്നും, അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലും, കുടുംബശ്രീ മെമ്പർ സെക്രട്ടറി എന്ന നിലയിലും, മാലിന്യ സംസ്കരണ പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിലും അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. ബിജു കെ.ജി. യുടെ ഭാഗത്ത് നിന്നും നിരന്തരമായ വീഴ്ച ഉണ്ടായിട്ടുള്ളതായും, ഗ്രാമപഞ്ചായത്തിന്റെ സൽപേരിന് കളങ്കമുണ്ടാക്കുന്ന ശ്രീ.ബിജു കെ.ജി. യെ സ്ഥലം മാറ്റിയ നടപടി പുന:പരിശോധിക്കരുതെന്നും ആവശ്യപ്പെട്ട് അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ പരിശോധിക്കുന്നതിനായി കൈമാറി ലഭിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സുൽത്താൻ ബത്തേരിയിൽ സ്ഥിരതാമസക്കാരനായ ശ്രീ.ബിജു കെ.ജി യ്ക്ക് അമ്പലവയൽ ഗ്രാമപഞ്ചായത്തിനേക്കാൾ ദൂരം കുറവും, യാത്രാ സൗകര്യം ഉള്ളതുമായ പൂതാടി ഗ്രാമപഞ്ചായത്തിലേക്കാണ് നിലവിൽ സ്ഥലം മാറ്റം ലഭിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

4) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. ബിജു. കെ.ജി. യെ അമ്പലവയൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പൂതാടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയത് ഭരണ സൗകര്യാർത്ഥം മുൻനിർത്തിയാണ് എന്നതും, പ്രസ്തുത നടപടി തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾ ലംഘിച്ചല്ല എന്ന വസ്തുതയും, അമ്പല വയൽ ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ കൃത്യനിർവ്വഹണത്തിൽ ടിയാൻ നിരന്തരം വീഴ്ച വരുത്തിയിരുന്നതായും ആയതിനാൽ ടിയാനെ അമ്പല വയൽ ഗ്രാമ പഞ്ചാത്തിൽതന്നെ തുടരാൻ അനുവദിക്കരുത് എന്ന അമ്പലവയൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിലെ ഉദ്ദേശശുദ്ധിയും പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം ശ്രീ. ബിജു കെ.ജി.

യെ പൂതാടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയ നടപടി പുനപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ അപേക്ഷകന്റെ പരാമർശം (4) (അനക്സർ A7) അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1492/2025 -ന്മേലുള്ള പരാമർശം (5) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ബിജു.കെ.ജി., അസിസ്റ്റന്റ് സെക്രട്ടറി, അമ്പലവയൽ ഗ്രാമ പഞ്ചായത്ത്,
വയനാട് *(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/249/2025-തസ്വഭവ പ്രകാരം)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 14-11-2025 10:40:17**

സെക്ഷൻ ഓഫീസർ